(2) പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമസമിതിയുടെ 13 മുതൽ 15 വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. കെ. രാഘവൻ മാസ്റ്റർ: സർ, ഞാൻ പട്ടികജാതി–പട്ടിക വർഗ്ഗ ക്ഷേമസമിതിയുടെ പതിമൂന്നു മുതൽ പതിനഞ്ചുവരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

(3) ഹർജികൾ സംബന്ധിച്ച സമിതിയുടെ ആറും, ഏഴും റിപ്പോർട്ടുകൾ

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ ഹർജികൾ സംബന്ധിച്ച സമിതിയുടെ ആറും ഏഴും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

VI. ഇലക്ട്രിസിറ്റി ബോർഡിന്റെ വാർഷിക റിപ്പോർട്ട്, ആഡിറ്റ് റിപ്പോർട്ട് എന്നിവ മേശപ്പുറത്തുവയ്ക്കാത്തതിനെ സംബന്ധിച്ച്

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഇലക്ട്രിസിറ്റി സപ്ലൈ ആക്ട് 69–ാം വകുപ്പനുസരിച്ച് അതിന്റെ അക്കൗണ്ട്സ്, കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറലോ അല്ലെങ്കിൽ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥൻമാരോ പരിശോധിക്കണമെന്നാണ് പറയുന്നത്. കൂടാതെ ഇപ്രകാരം പരിശോധിക്കപ്പെടുന്ന ആഡിറ്റ് റിപ്പോർട്ട് 6 മാസത്തിനുള്ളിൽ സ്റ്റേറ്റ് ഗവൺമെന്റിന് അയച്ചിരിക്കണം. 5–ാം വകുപ്പനുസരിച്ച് സ്റ്റേറ്റ് ഗവൺമെന്റ് ഈ ഓഡിറ്റ് റിപ്പോർട്ട് സംസ്ഥാന നിയമസഭയിൽ സമർപ്പിച്ചിരിക്കണം. 6 മാസത്തിനുള്ളിൽ ഇത് ചെയ്യേണ്ടതാണ്. ഞാൻ നിയമസഭാലൈബ്രറിയാകെ പരിശോധിച്ചു. ഇതുവരെ ഇലക്ട്രിസിറ്റി ബോർഡിന്റെ ആഡിറ്റ്റിപ്പോർട്ട് മേശപ്പുറത്ത് വച്ചിട്ടില്ല. കഴിഞ്ഞ 24-ാം തീയതി ആനുവൽ റിപ്പോർട്ട് അവതരിപ്പിച്ചു. ആനുവൽ റിപ്പോർട്ട് ഇലക്ട്രിസിറ്റി സപ്ലൈ ആക്ടിലെ 75–ാം വകുപ്പനുസരിച്ചുള്ളതാണ്. അതിൽ 28–ാം പേജിൽ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അതുകൂടി പറഞ്ഞാലേ ചിത്രം പൂർത്തിയാകുകയുള്ളൂ. 28-ാം പേജിലെ ആദ്യപാരഗ്രാഫായിട്ട് പറയുന്നത്...

Accounts, Finance & Audit:

This is the 28th Annual Report of the Kerala State Electricity Board which covers the period from 1st April 1984 to 31st April 1985. The figures furnished hereunder are purely provisional subject to the finalisation in audit and certification by the Accountant General under Section 69 of the Electricity (supply) Act 1948.

ഇതാണ് ഞാൻ നേരത്തെ പറഞ്ഞത്. ഈ തന്നിരിക്കുന്ന റിപ്പോർട്ടിൽപ്പോലും ആഡിറ്റ് എന്നൊരു വാക്കുണ്ടെന്നല്ലാതെ 84–ൽ 69–ാം വകുപ്പനുസരിച്ചുള്ള ആഡിറ്റ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല. 75-ാം വകുപ്പനുസരിച്ച് ഒരു ആനുവൽ റിപ്പോർട്ട് തരണം. ഓരോ സാമ്പത്തിക വർഷത്തിലും വിദ്യുച്ഛക്തി ബോർഡ് ആനുവൽ റിപ്പോർട്ട് തരണമെന്നാണ് നിയമത്തിലുള്ള വ്യവസ്ഥ. ഇവിടെ തന്നിരിക്കുന്ന റിപ്പോർട്ട് അതിന്റെ ലംഘനമാണ്. ഇവിടെതന്നിരിക്കുന്ന റിപ്പോർട്ട്

LIBRARY ARCHIVES Kerala Legislative Assembly